rafivaduthala@gmail.com
ടി.ഇ.എം റാഫി വടുതല


# സ്വർഗ കവാടം തുറക്കുന്ന പെൺമക്കൾ

عَنْ عَائِشَةَ رَضِيَ اللهُ عَنْهَا قَالَتْ: جَائَتْنِي مِسْكِينَةٌ تَحْمِلُ ابْنَتَيْنِ لَهَا، فَأَطْعَمْتُهَا ثَلاثَ تَمَرَاتٍ ، فَأَعْطَتْ كُلَّ وَاحِدَةٍ مِنْهُمَا تَمْرَةً، وَرَفَعَتْ إِلَى فِيهَا تَمْرَةً لِتَأْكُلَهَا، فَأَسْتَطْعَمَتْهَا ابْنَتَاهَا، فَشَقَّتِ التَّمْرَةَ الَّتِي كَانَتْ تُرِيدُ أَنْ تَأْكُلَهَا بَيْنَهُمَا، فَأَعْجَبَنِي شَأْنُهَا، فَذَكَرْتُ الَّذِي صَنَعَتْ لِرَسُولِ اللهِ، فَقَالَ: إِنَّ اللَّهَ قَدْ أَوْجَبَ لَهَا بِهَا الْجَنَّةَ أَوْ أَعْتَقَهَا بِهَا مِنَ النَّارِ (مسلم)

ആഇശ(റ) പ്രസ്താവിക്കുന്നു: അഗതിയായ ഒരു സ്ത്രീ രണ്ട് പെൺകുട്ടികളുമായി എന്റെ അടുത്ത് വന്നു. മൂന്നു കാരക്ക ഞാനവർക്ക് കഴിക്കാൻ കൊടുത്തു. ഓരോ കുട്ടിക്കും ഒന്നുവീതം അവർ പങ്കിട്ടു നൽകി. അവ ശേഷിച്ച കാരക്ക കഴിക്കാൻ അവർ വായിലേക്കുയർത്തി. കുട്ടികൾ വീണ്ടും ഭക്ഷണമാവശ്യപ്പെട്ടു. അവർ തിന്നാൻ ഉദ്ദേശിച്ച കാരക്ക രണ്ടായി പകുത്ത് രണ്ട് പേർക്കും വീതിച്ചു കൊടുത്തു. ആ സ്ത്രീയുടെ പെരുമാറ്റം എന്നെ വല്ലാതെ അത്ഭുതപ്പെടുത്തി. അവരെ സംബന്ധിച്ച് ഞാൻ പ്രവാചകനോട് പറഞ്ഞു: 'നിശ്ചയം അല്ലാഹു ആ കുട്ടികൾ മുഖേന അവർക്ക് സ്വർഗം അനിവാര്യമാക്കിയിരിക്കുന്നു' എന്നോ, 'അതുവഴി അവരെ നരക ത്തിൽ നിന്ന് മോചിപ്പിക്കു'മെന്നോ പ്രവാചകൻ പറഞ്ഞു (സ്വഹീഹു മുസ്‌ലിം, ബാബു ഫദ്‌ലിൽ ഇഹ്സാൻ ലിൽ ബനാത്ത് – 2630)

ദാമ്പത്യ ജീവിതത്തിലെ സന്തോഷവും സൗഭാഗ്യവുമാണ് മക്കൾ. ഐഹിക ജീവിതത്തിലെ അലങ്കാരവും ഭാവിയുടെ വാഗ്ദാനവു മാണവർ. മക്കൾ ആണാകുന്നതും പെണ്ണാകുന്നതും അല്ലാഹു വിന്റെ തീരുമാനം. കുട്ടികളില്ലാതിരിക്കുന്നത് അവന്റെ പരീക്ഷ ണവും. എന്നാലും ആദ്യത്തെ കൺമണി ആണായിരിക്കണമെന്ന് പലരും ആഗ്രഹിക്കുന്നു. ചിലരെങ്കിലും എല്ലാം ആൺമക്കളായാൽ മതി എന്ന് കൊതിക്കുന്നു. അക്കങ്ങൾ കൂട്ടിക്കിഴിച്ച് ലാഭചേത ങ്ങൾ കണക്കാക്കുന്ന പണപ്രധാന ലോകത്ത് എന്നും ഭാരമാ ണല്ലോ പെൺമക്കൾ. പൗരാണിക-ആധുനിക സമൂഹങ്ങൾ അതിനു സാക്ഷിതന്നെ. പെൺകുട്ടിയെ അമ്മത്തൊട്ടിലിൽ ഇട്ടു പോകുന്ന അമ്മയും ആറ്റിലെറിയുന്ന മുത്തശ്ശിയും ഇന്നൊരു വാർത്തയല്ലാതായി മാറി. ആൺമക്കളെ ആത്മാഭിമാനത്തോടെ പരിഗണിക്കുന്നു. പെൺമക്കളെ സഹതാപത്തോടെ വീക്ഷിക്കു ന്നു. പെൺമക്കളെ സംബന്ധിച്ച സന്തോഷവാർത്ത പോലും മുഖ ങ്ങളെ വിഷാദമാക്കുന്നു.

"പെൺകുഞ്ഞ് പിറന്നതായി അവരിലൊരാൾക്ക് സന്തോ ഷവാർത്ത ലഭിച്ചാൽ ദുഃഖത്താൽ അവന്റെ മുഖം കറുത്തിരുളുന്നു" (*അന്നഹ്ൽ* 58). ജാഹിലിയ്യാ കാലഘട്ടത്തിൽ അപരിഷ്കൃതനായ അറബി സ്വന്തം പെൺകുട്ടിയെ നിഷ്ഠുരമായി കുഴിച്ചുമൂടിയ വിവ രണം കേട്ട് തേങ്ങിക്കരഞ്ഞു കാരുണ്യത്തിന്റെ പ്രവാചകൻ. ആരാണോ തന്റെ പെൺമക്കൾക്ക് ശിക്ഷണവും സംരക്ഷണവും നൽകി പോറ്റി വളർത്തുന്നത് അവർക്ക് സ്വർഗമുണ്ടെന്ന് മുഹമ്മദ് നബി പഠിപ്പിച്ചു. പെൺമക്കൾക്ക് നന്മ ചെയ്യുന്നതിന്റെ മഹത്വമാണ് ഹദീസിന്റെ പ്രധാന സാരാംശമെന്ന് ഇമാം നവവി വിശദീകരി ക്കുന്നു.

ആഇശ(റ)യുടെ ഹൃദയം കവർന്ന ആ മാതാവിന്റെ കാരുണ്യം സപ്ത സാഗരങ്ങളെക്കാൾ വിശാലം! സ്വന്തം വിശപ്പ് വകവെക്കാതെ, വിശന്ന പെൺമക്കളുടെ വായിൽ കാരക്ക വെച്ച് കൊടുക്കുന്ന ആ മാതാവ് അവശേഷിച്ച കാരക്ക കഴിക്കാമല്ലോ എന്ന് വിചാരിച്ച് വായിൽ വെക്കുമ്പോൾ ആ പെൺമക്കൾ വീണ്ടും അതിലേക്ക് ഉറ്റുനോക്കുന്നു. ഉടനെ ഉമ്മ കാരക്ക രണ്ടായി പകുത്ത് രണ്ട് പുത്രിമാരുടെയും വായിൽ വെച്ചു കൊടുത്തു അപ്പോൾ തുറന്നത് പെൺമക്കളുടെ ചെഞ്ചുണ്ടുകൾ മാത്രമല്ല, സ്വർഗകവാട ങ്ങളുമാണെന്ന് പ്രവാചകൻ പഠിപ്പിക്കുന്നു.

ആൺമക്കളെക്കാൾ കുടുംബത്തിന്റെ താങ്ങും തണലും സംര ക്ഷണവും അർഹിക്കുന്നത് പെൺമക്കളാണ്. അതിനാൽ നിരീക്ഷ ണത്തിന്റെ കണ്ണുകൾ വേണ്ടതുപോലെ, സഹാനുഭൂതിയുടെ കര ങ്ങളും അവർക്ക് ആവശ്യമാണ്. പെൺമക്കളോടുള്ള നന്മ നിറഞ്ഞ സമീപനം നരകത്തെ പ്രതിരോധിക്കുന്ന മറയായി മാറുമെന്ന് ഹാഫിസ് ഇബ്നു ഹജറുൽ അസ്ഖലാനി വ്യക്തമാക്കുന്നു.

പ്രവാചകനും ആഇശയും താമസിച്ച ഭവനത്തിന് ആധുനിക ഭവനങ്ങളുടെ വലുപ്പമില്ല. ഭക്ഷണം ശേഖരിച്ച് വെച്ച സ്റ്റോർ റൂമുക ളില്ല. ചൂടോടെ തിന്നാൻ ഓവനിലും കുളിർമയോടെ കഴിക്കാൻ ഫ്രിഡ്ജിലും ഭക്ഷണം കരുതിവെച്ചിട്ടില്ലായിരുന്നു. പക്ഷേ, ആഇശ( റ)യുടെ മനസ്സ് നിറയെ എല്ലാമുണ്ടായിരുന്നു. ജീവിതത്തിന്റെ ക്ഷേമ ത്തിൽ മാത്രമല്ല, മൂന്നു കാരക്കകൾ മാത്രമുള്ള ക്ഷാമത്തിലും ദാനം ആ മഹതിയുടെ സ്വഭാവമായിരുന്നു. 'ഒരു കാരക്ക ചീന്ത് കൊണ്ടെ ങ്കിലും നീ നരകത്തിൽ നിന്ന് സുരക്ഷിതയാകണം' എന്ന പ്രവാചക നിർദേശം അക്ഷരാർഥത്തിൽ സാക്ഷാത്കരിക്കുകയായിരുന്നു ആഇ ശ(റ). കുടുംബനാഥന്റെ സമ്പത്ത് അദ്ദേഹത്തിന്റെ അസാന്നിധ്യ ത്തിലും പാവങ്ങൾക്ക് ദാനം ചെയ്യാൻ ഭാര്യക്ക് അനുവാദമുണ്ടെന്നും ഹദീസ് വ്യക്തമാക്കുന്നു.

അഗതിയായ മാതാവ് ആഴമുള്ള ദാരിദ്ര്യത്തിലും മാതൃത്വം മഹത്വവത്കരിച്ചു. ആഇശ(റ) പ്രവാചകനെ അതനുസ്മരിപ്പിച്ചു. പ്രവാചകൻ, ആ മഹത്വം നിറഞ്ഞ മാതൃത്വം അനശ്വരമാക്കി. മാതാ പിതാക്കൾക്ക് സ്വർഗ കവാടം തുറന്നുകിട്ടാനും നരക കവാടങ്ങൾ കൊട്ടിയടക്കപ്പെടാനുമുള്ള കരുത്ത് അവർ പെൺമക്കൾക്ക് നൽകുന്ന സേവനത്തിനുണ്ടെന്ന് പഠിപ്പിച്ചു. ഫാത്വിമ(റ) തന്റെ കരളിന്റെ കഷ്ണ മാണെന്ന് വിശേഷിപ്പിച്ച പ്രവാചകൻ അവരെ വാക്ക് കൊണ്ടും ജീവിതം കൊണ്ടും നിറഞ്ഞ മനസ്സോടെ പരിപാലിച്ചു. കാരണം സ്വർഗ കവാടങ്ങൾ തുറക്കുമല്ലോ പെൺ മക്കൾ. ■